പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 6248 10.07.2012 ൽ മറുപടിയ്ക്ക്

**സാമൂഹ്യ സുരക്ഷാ മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കാൻ നടപടി**

ചോദ്യം

ശ്രീമതി കെ.എസ്. സലീഖ

ഉത്തരം

**ഡോ. എം.കെ. മുനീർ**

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ | സാമൂഹ്യസുരക്ഷാ മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ; | എ | സാമൂഹ്യസുരക്ഷാ മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും, ക്ഷേമ പദ്ധതികൾക്കുമുള്ള ഫണ്ട് സാമൂഹ്യക്ഷേമ വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ അതാത് സാമ്പത്തിക വർഷം നീക്കി വയ്ക്കുകയാണ് ചെയ്യുന്നത്. തുടർന്ന് സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രവർത്തന അനുമതി നൽകുകയും, സാമൂഹ്യ ക്ഷേമ വകുപ്പു വഴി ടി തുക സുരക്ഷാമിഷന്റെ ടി.എസ്.ബി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുകയും ചെയ്യുന്നു. ഇതിനു പുറമെ ഇ പേമെന്റ് ഗേറ്റ്‌വെ വഴി ധന സമാഹരണം നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾ 1 ലക്ഷം രൂപ, ബ്ലോക്ക്, മുനിസിപ്പാലിറ്റികൾ 5 ലക്ഷം രൂപ, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്തുകൾ 10 ലക്ഷം രൂപ ക്രമത്തിലും സംഭാവന സ്വീകരിച്ചു വരുന്നു. ഇതിനുപരിയായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ 11 കോടി രൂപയുടെ മൂല്യമുള്ള സ്റ്റാമ്പുകൾ പ്രിന്റ് ചെയ്ത് വിറ്റ് പൊതുജനങ്ങളിൽ നിന്ന് ധനസമാഹരണം നടത്തുന്നുണ്ട് |

| | | | |
|---|---|---|---|
| ബി | ഇതുവരെ എത്ര തുകയുടെ ഫണ്ട് സ്വരൂപിക്കാൻ കഴിഞ്ഞുവെന്നും ഇതിന്റെ ഫലമായി എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | ബി | സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നായി 11,96,89,895/- രൂപ സംഭാവനയായി സാമൂഹ്യ സുരക്ഷാ മിഷന് ലഭിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാമ്പ് വിറ്റ് കിട്ടിയ ഇനത്തിൽ 82,66,360/- രൂപയും മിഷന് ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്. |
| സി | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റു മാർക്ക് ദുരിതാശ്വാസ നിധി സമാഹരണം വഴി ജീവകാരുണ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടു ത്താൻ ഉദ്ദേശിക്കുന്നു ണ്ടോ ; | സി | ഇപ്പോൾ പരിഗണനയിലില്ല |
| ഡി | ഇപ്രകാരം ദുരിതാശ്വാസ നിധി നൽകുന്നവരെ ഇൻകം ടാക്സിൽ നിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാ ക്കുമോ ? | ഡി | ബാധകമല്ല |

R. Vijayan

സെക്ഷൻ ഓഫീസർ